# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 812 — 04.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകർക്കുള്ള ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങളും അതുവഴി പാൽ ഉൽപ്പാദനത്തിൽ എത്രമാത്രം വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ; | (എ) ക്ഷീരവികസന വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, ഇതിന്റെ ഭാഗമായി 2016-17, 2017-18 വർഷങ്ങളിൽ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ഡയറി സോൺ പദ്ധതിയും 2016-17 മുതൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>2. ഹീഫർ പാർക്ക്<br>3. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>4.ഡയറി ഫാമുകളുടെ ആധുനിക വൽക്കരണത്തിനും യന്ത്ര വൽക്കരണത്തിനുമുള്ള പദ്ധതികൾ<br>5. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതികൾ<br>6. ക്ഷീരകർഷകർക്കുള്ള കടാശ്വാസ പദ്ധതികൾ<br>7. കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ<br>8. ക്ഷീര സംഘങ്ങൾക്കുള്ള ധന സഹായം<br>9. കാലിത്തീറ്റ സബ്സിഡി<br>10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ ങ്ങളോട്ടുകൂടിയ പദ്ധതികൾ<br>12.ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ.<br>ഈ പദ്ധതികളിലൂടെ പാലുൽപ്പാദനം വർദ്ധിപ്പിയ്ക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്.<br>ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ശരാശരി 2.84 ലക്ഷം ലിറ്ററിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനം ആവശ്യകതയുടെ ഏകദേശം 85%ത്തിലധികമായി ഉയർന്നിട്ടുണ്ട്. |

(ബി) ക്ഷീരകർഷകർക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

(ബി) 18 മുതൽ 80 വയസ്സുവരെയുള്ള ക്ഷീരകർഷക കുടുംബത്തിന് പരിരക്ഷ ഉറപ്പുവരത്തക്ക രീതിയിലാണ് സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

കർഷകർ, ജീവിതപങ്കാളി, മാതാപിതാക്കൾ, മാതാപിതാക്കളുടെ സംരക്ഷണ- യിൽ കഴിയുന്ന 25 വയസ്സുവരെയുള്ള വിവാഹം കഴിയ്ക്കാത്തവരോ ജോലി ലഭിയ്ക്കാത്തവരോ ആയ 2 കുട്ടികൾ എന്നിവരെ ഈ പദ്ധതിയിൻ കീഴിൽ ഇൻഷ്വർ ചെയ്യാവുന്നതാണ്.

നിലവിലുള്ള അസുഖങ്ങളുടെ ചികിത്സാ ചെലവും ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ആകെ പ്രീമിയം തുകയിൽ സർക്കാർ വിഹിതം, മേഖലാ ക്ഷീരോല്പാദക യൂണിയൻ വിഹിതം, ക്ഷീരകർഷക ക്ഷേമനിധി വിഹിതം, എന്നിവ ഒഴികെയുള്ള പ്രീമിയം തുകയാണ് കർഷകർ അടയ്ക്കേണ്ടത്. കർഷകന് മാത്രമായോ, കർഷകനും ജീവിത പങ്കാളിയ്ക്കുമായോ, കർഷകനും ജീവിതപങ്കാളിയ്ക്കും മാതാപിതാക്കൾക്കും 2 കുട്ടികൾക്കും ഉൾപ്പെടെയോ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്. കൂടാതെ ഉരുക്കളേയും ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്യാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**